# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1749 05.12. 2014 ൽ മറുപടിക്ക്

### ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷണറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ (ഗ്രേഡ്---II) റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം) നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നത്; നിലവിൽ പി.എസ്.സി.യിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ ) | നിലവിലുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.03.2015 വരെ നീട്ടിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 22 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ( (ബി ) | റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപായി ഉണ്ടാകാവുന്ന ഒഴിവുകൾ കണ്ടെത്തി അവ നിയമനത്തിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി ) | നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കന്നുകാലി സംരക്ഷണത്തിനും കുളമ്പ് രോഗ പ്രതിരോധത്തിനും മൃഗസംരക്ഷണ വകുപ്പിൽ മതിയായ രീതിയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി അധികമായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുമോ; | (സി) | ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിലവിൽ ഉണ്ട്. |
| (ഡി) | സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിൽ ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലാത്തത് കാരണം രോഗ ബാധിതമായ പക്ഷി-മൃഗാദികൾ അതിർത്തി കടന്ന് കേരളത്തിലേക്ക് കടത്തുന്നുവെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി)<br>&<br>(ഇ) | ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിലവിൽ ഉണ്ട്. സർട്ടിഫിക്കറ്റ് പരിശോധന, നിരീക്ഷണം എന്നിവയ്ക്ക് ശേഷം മാത്രമേ ചെക്ക് പോസ്റ്റുകളിൽ കൂടി വരുന്ന പക്ഷി മൃഗാദികളെ അതിർത്തി കടന്ന് പ്രവേശിക്കുവാൻ അനുവദിക്കുന്നുള്ളൂ. |
| (ഇ) | ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?; | | |

......2

| | | | |
|---|---|---|---|
| (എഫ്) | തിരുവനന്തപുരം ജില്ലയിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള വർക്കിംഗ് അറേഞ്ച്മെന്റുകൾ ക്യാൻസൽ ചെയ്ത് ആ ഒഴിവുകളിൽ കൂടി ഈ ലിസ്റ്റിൽ നിന്നും നിയമനത്തിനായി ശുപാർശ ചെയ്യുമോ | (എഫ്) | റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റുകൾ ക്യാൻസൽ ചെയ്ത് നിയമനം നടത്തി വരുന്നു. |
| (ജി) | നിലവിലെ റാങ്ക് ലിസ്റ്റിലെ എൻ.ജെ.ഡി ഒഴിവുകൾ കാലതാമസം ഒഴിവാക്കി വീണ്ടും നിയമനം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (ജി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ